**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പാലക്കാട് താലൂക്ക് കോങ്ങാട് വില്ലേജിൽ ബ്ലോക്ക് നം.3 ൽ റീ-സർവ്വേ നം.305/17 ൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം വകുപ്പിന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 253 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന 76 മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് പരിസ്ഥിതി വകുപ്പ് സെക്രട്ടറിക്ക് പാലക്കാട് ജില്ലാ ഫയർ ആഫീസർ അപേക്ഷ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ